**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3410** **01-03-2023 - ൽ മറുപടിയ്ക്ക്**

**പാർപ്പിട സൗകര്യം ഒരുക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മാട്ടുമലദേശത്ത് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള അമ്പത് സെന്റ് സ്ഥലത്ത് 48 ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നതിനായി സാഫല്യം പദ്ധതിയിൽ ഉൾപ്പെടുത്തി ആയതിന്റെ ഫൗണ്ടേഷൻ വർക്കുകൾ നടത്തിയതിനുശേഷം വർഷങ്ങൾ പിന്നിട്ടിട്ടും തുടർനിർമ്മാണം നടക്കാതെ പദ്ധതി പൂർത്തീകരിക്കാതെ ഉപേക്ഷിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥലത്ത് ഭൂരഹിതരും ഭവനരഹിതരുമായ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ അർഹരായ അപേക്ഷകർക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കുന്നതിനും ആയത് ഹൗസിംഗ് ബോർഡ് വഴി നടപ്പാക്കുന്നതിനും ആവശ്യമായ അനുമതിയും നടപടികളും സർക്കാർ സ്വീകരിക്കുമോ; ഇതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർക്കുന്നതിന് നടപടിയെടുക്കുമോ? | (ബി) | ഭൂരഹിതരും ഭവന രഹിതരുമായവർക്ക് ഹൗസിംഗ് ബോർഡ് മുഖേന ഭവനം നിർമ്മിച്ചു നൽകുന്ന പദ്ധതി തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. ഉന്നയിക്കപ്പെട്ട വിഷയത്തിൽ ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ